# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ: എച്ച്.നജീബ്)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം തൂണേരി ബ്ലോക്കിലെ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) ശ്രീ. പി.വി. സുജീന്ദ്രൻ-നെ നിലവിലെ തസ്തികയിൽ നിന്നും റിവർട്ട് ചെയ്ത് പന്തലായനി ബ്ലോക്കിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമിച്ച് - ഉത്തരവാകുന്നു.

==============================================================

**ഉത്തരവ് നം. 1895/എസ്റ്റാ. ബി3/2020/സിആർഡി (2) തീയതി : 06.08.2020**

==============================================================

പരാമർശം : 1. 31.12.2019-ലെ 3912/എസ്റ്റാ. ബി3/19/സിആർഡി നമ്പർ നടപടിക്രമം
2. കോഴിക്കോട് എ.ഡി.സി. (ജനറൽ) ന്റെ 12.12.2019-ലെ ആർഡി.2.4052/19 നമ്പർ കത്ത്
3. സ.ഉ(ആർ.റ്റി.) നമ്പർ 2178/2019/തസ്വഭവ തീയതി. 03/10/2019

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ / എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ് ഗ്രേഡ്-II)/എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) തസ്തികയിലെ ഏറ്റവും സീനിയറായ 22 ഉദ്യോഗസ്ഥർക്ക് (സീനിയോരിറ്റി നം. 1758 മുതൽ 1800 വരെ) ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ആർ.എച്ച്/ ഇ.ജി.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേലടി ബ്ലോക്കിലെ എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ. പി.വി. സുജീന്ദ്രൻ (സീനിയോരിറ്റി നം. 1797 – പെൻ. നം. 204552)-ന് പരാമർശം (1) പ്രകാരം ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി തൂണേരി ബ്ലോക്കിൽ ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (ആർ.എച്ച്) തസ്തികയിൽ നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം(3) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സ്റ്റൻഷൻ വിഭാഗം ജീവനക്കാരുടെ പ്രീസർവ്വീസ് പരീക്ഷ പാസായത് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചപ്പോൾ ശ്രീ. പി.വി. സുജീന്ദ്രൻ ടി പ്രീസർവ്വീസ് പരീക്ഷ ഇതുവരെയും പാസായിട്ടില്ലാ എന്ന് കണ്ടെത്തിയിട്ടുണ്ട്.

(മറുപുറം)

മേൽ സാഹചര്യത്തിൽ ശ്രീ. പി.വി. സുജീന്ദ്രൻ പ്രീസർവ്വീസ് പരീക്ഷ പാസായിട്ടില്ലാത്തതിനാൽ പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളെ റിവർട്ട് ചെയ്ത് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ പന്തലായനി ബ്ലോക്കിൽ നിയമിച്ച് ഉത്തരവാകുന്നു.

ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർമാർ മേൽ പട്ടികയിലെ ഉദ്യോഗസ്ഥരെ ഉടൻ തന്നെ വിട്ടുതൽ ചെയ്യേണ്ടതും ടിയാളുകൾ വിടുതൽ/ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

(ഒപ്പ്) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്,

വ്യക്തികൾക്ക് ( ബി.ഡി.ഒ മുഖാന്തിരം)

പകർപ്പ് :-

(1) ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഡയറക്ടർമാർക്ക്
(2) ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്ക്
(3) ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക്
(4) പി&എം. സെക്ഷൻ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
(5) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്